**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2291** — **13-09-2023 - ൽ മറുപടിയ്ക്ക്**

**റോഡ് അപകടങ്ങളിൽപ്പെടുന്നവർക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി(കെ.എ.എസ്.പി.) യുടെ വിശദാംശം അറിയിക്കാമോ; | (എ) | കേരളത്തിൽ നടപ്പിലാക്കി വന്നിരുന്ന ആർ എസ് ബി വൈ, ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികൾ ഏകീകരിച്ച് രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP).<br><br>ആയുഷ്മാൻ ഭാരത് പ്രധാന മന്ത്രി ജൻ ആരോഗ്യ യോജന (AB PM - JAY). എന്ന പദ്ധതിയുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>നിലവിൽ കേരളത്തിൽ സംസ്ഥാന സർക്കാർ 100% ചികിത്സാ ചെലവ് വഹിക്കുന്ന കുടുംബങ്ങളും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം (ആകെ ചികിത്സ ചെലവിന്റെ 60%, ഒരു കുടുംബത്തിന് പരമാവധി 631.2 രൂപ) പദ്ധതിക്കായി നീക്കി വച്ചിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ രൂപം നൽകിയ സ്ഥാപനമാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA).<br><br>പദ്ധതി നടത്തിപ്പിന്റെ ആദ്യവർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഇൻഷ്വറൻസ് മാതൃകയിലാണ്.<br><br>2020 ജൂലൈ 1 മുതൽ പദ്ധതി അഷ്വറൻസ് മാതൃകയിലേക്ക് മാറുകയും ഇതിന്റെ നടത്തിപ്പിനായി സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് രൂപം നൽകുകയും ചെയ്തു.<br><br>അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായ വ്യത്യാസമില്ലാതെ 5 ലക്ഷം രൂപവരെയുള്ള ദ്വിതീയ, തൃതീയ സൗജന്യ ചികിത്സ ഓരോ വർഷവും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ആശുപത്രിയിൽ നിന്ന് ലഭിക്കുന്നതാണ്. |

പദ്ധതിപ്രകാരം ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുക. ചുരുങ്ങിയത് 24 മണിക്കൂറെങ്കിലും കിടത്തി ചികിത്സ ആവശ്യമുള്ള അസുഖങ്ങളായിരിക്കണം. കിടത്തി ചികിത്സ ആരംഭിക്കുന്നതിന് മുൻപുള്ള മൂന്ന് ദിവസത്തെ പരിശോധനകളും, മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ അഡ്മിറ്റാകുന്ന സമയത്ത് ചികിത്സക്കും, മരുന്നുകൾക്കും, പരിശോധനകൾക്കും മുഴവൻ തുകയും പദ്ധതിയിൽ ഉൾപ്പെടുന്നതാണ് ഡിസ്ചാർജ്ജായതിന് ശേഷം പരമാവധി 15 ദിവസം വരെയുള്ള മരുന്നുകൾക്കും പരിശോധനകൾക്കും ചെലവാകുന്ന ചികിത്സ സൗജന്യമാണ്.

അലോപ്പതി ചികിത്സയ്ക്ക് മാത്രമേ ആനുകൂല്യം നിലവിൽ ലഭിക്കുകയുള്ളൂ. ഏത് പ്രായത്തിലുള്ളവരെയും പദ്ധതിയിൽ അംഗമാക്കാം. നിലവിലുള്ള രോഗങ്ങൾക്കും സൗജന്യ ചികിത്സ ആനുകൂല്യം ലഭിക്കുമെന്ന സവിശേഷതയുമുണ്ട്. കിടത്തി ചികിത്സിക്കുന്ന വേളയിൽ എക്സ് റേ, സ്കാനിംഗ് ഉൾപ്പടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും.

2018-19 സാമ്പത്തിക വർഷം പ്രാബല്യത്തിലുള്ള ആർ.എസ്.ബി.വൈ. കാർഡുള്ള എല്ലാ കുടുബാംഗങ്ങൾക്കും, കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സാമൂഹിക ജാതി സെൻസെസ് (എസ്.ഇ.സി.സി.) പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. കുടംബനാഥൻ, കുടുംബനാഥ എന്നിവർക്ക് പുറമേ റേഷൻ കാർഡിലുള്ള എല്ലാ അംഗങ്ങളേയും പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

കുടുംബത്തിലെ മുഴവൻ അംഗങ്ങൾക്കും വ്യക്തിഗത ABPM JAY-KASP കാർഡ് ലഭിക്കുന്നതാണ്. വ്യക്തിഗത AB PM-JAY-KASP കാർഡ് ലഭിക്കുന്നതിനായി ചികിത്സ ആവശ്യമായ ആശുപത്രികളിലെ KASP കിയോസ്കുകളിൽ നിന്നും ഈ സേവനം സൗജന്യമായി ഗുണഭോക്താക്കൾക്ക് ഉപയോഗിക്കാവുന്നതാണ്.

മുകളിൽ സൂചിപ്പിച്ച പ്രകാരം അർഹതപ്പെട്ട കുടുംബമാണെങ്കിൽ ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ KASP പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്കുകളിൽ നിന്നും അംഗത്വം നേടാവുന്നതാണ്.

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ അംഗത്വം നേടുന്നതിന് യാതൊരുവിധ ഫീസും ഈടാക്കുന്നതല്ല. സേവനം പൂർണ്ണമായും സൗജന്യമാണ്.<br><br>നിലവിൽ 197 സർക്കാർ ആശുപത്രികളിലും, 5 കേന്ദ്ര സർക്കാർ ആശുപത്രികളിലും, 411 സ്വകാര്യ ആശുപത്രികളിലും ആയി കേരളത്തിലുടനീളം മൊത്തം 613 ആശുപത്രികളിൽ പദ്ധതിയുടെ സേവനം ലഭ്യമാണ്.<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ചികിത്സ ലഭ്യമാക്കുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റി വികസിപ്പിച്ചെടുത്ത ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് 2.0 മുഖനയാണ്. ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് രൂപം നൽകുന്നതിന് മുൻപായി തെരഞ്ഞെടുക്കപ്പെട്ട എംപാനൽ ചെയ്ത ആശുപത്രികളുമായി കൂടിയാലോചിച്ചാണ് നിരക്കുകൾ നിജപ്പെടുത്തിയിരിക്കുന്നത്. 25 സ്പെഷ്യാലിറ്റികളിലായി 1957 പാക്കേജുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത ഈ പാക്കേജുകളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. പാക്കേജുകളിൽ ഉൾപ്പെടുത്താത്ത ചികിത്സകൾക്കായി അൺസ്പെസിഫൈഡ് പാക്കേജുകൾ ഉപയോഗിക്കാവുന്നതാണ്.<br><br>കിടത്തി ചികിത്സ ആവശ്യമില്ലാത്ത അസുഖങ്ങൾ, വന്ധ്യതാ ചികിത്സ, സൗന്ദര്യ വർധക ചികിത്സ, വാക്സിനേഷൻ, മുതലായ ഏതാനും ചികിത്സ നടപടികൾ മാത്രമാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ക്ലെയിം ചെയ്യാൻ സാധിക്കാത്തത്. |
| (ബി) | റോഡ് അപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ നാല്പത്തെട്ട് മണിക്കൂർ സൗജന്യ ചികിത്സ നൽകുന്നത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | പ്രസ്തുത ചികിത്സ നൽകുന്നതുമായി ബന്ധപ്പെട്ട് ഏതാനും ചില ചികിത്സാ പാക്കേജുകൾ ABPM JAY/KASP പദ്ധതി പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭ്യമാണ്.<br><br>സംസ്ഥാനത്ത് റോഡ് അപകടങ്ങളിൽപ്പെടുന്ന എല്ലാവർക്കും ആദ്യത്തെ നാല്പത്തെട്ട് മണിക്കൂർ സൗജന്യ ചികിത്സ നൽകുന്നതുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമർപ്പിച്ച ഒരു രൂപരേഖ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ